LIBRARY ARCHIVES Kerala Legislative Assembly

പട്ടുവത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനം

302 (674) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽ പട്ടുവത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവിടെ അടിസ്ഥാനസൗകര്യവികസനം ഏർപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

കണ്ണൂർ ജില്ലയിൽ പട്ടുവത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹയർ സെക്കന്ററി ബ്ലോക്കിന്റെ റിപ്പയർ, ലൈബ്രറി ഹാൾ നിർമ്മാണം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നീ പ്രവൃത്തികൾക്കായി 4,11,00,000 (നാലുകോടി പതിനൊന്നു ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടെണ്ടർ ഏറ്റെടുത്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഹയർ സെക്കന്ററി ബ്ലോക്കിന്റെ നിലവിലുള്ള കെട്ടിടത്തിനുമുകളിൽ ഒന്നാം നില നിർമ്മാണ പ്രവൃത്തികൾക്കായി 1,15,00,000 (ഒരു കോടി പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. കോൺക്രീറ്റ് ജോലികൾ പൂർത്തിയായി പ്ലാസ്റ്ററിംഗ് ജോലികൾ നടന്നുവരുന്നു. സ്കൂളിലേക്ക് ഒരു വാഹനം അനുവദിക്കുന്നതിനും സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനും കമ്പ്യൂട്ടർ ലാബിൽ എ.സി. സ്ഥാപിക്കുന്നതിനും അടുക്കള നവീകരിക്കുന്നതിനും വേണ്ടിയുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

പട്ടികവർഗ്ഗ ഭൂരഹിതർക്ക് ഭൂമി

303 (675) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി "ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം 25 സെന്റിൽ കുറയാതെ ഒരേക്കർ വരെ ഭൂമി വാങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു. കൂടാതെ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് മുൻഗണന നൽകി ഒരേക്കർ ഭൂമി വീതം നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി, മിച്ചഭൂമി മുതലായവ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം നടപ്പാക്കുവോ സാധിക്കുക. ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ഭൂമി ലഭിക്കുന്ന എല്ലാപേർക്കും വീട് വയ്ക്കുന്നതിനുള്ള ധനസഹായം നൽകുന്നതാണ്. കൂടാതെ, 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി ലഭ്യമാകുന്നതിനാൽ കൃഷി ചെയ്യുന്നതിനും മറ്റും സാധിക്കുമെന്നതിനാൽ സാമ്പത്തികമായും സാമൂഹികമായും ഗുണഭോക്താക്കൾക്ക് ഉന്നതിയിലെത്താൻ സാധിക്കുന്നു.

(സി) 2012-13 വർഷം ആരംഭിച്ച പദ്ധതിക്ക് ദൃശ്യമാധ്യമങ്ങളിലൂടെയും ടി.ഇ.ഒ., പ്രൊമോട്ടർമാർ മുഖേനയും വ്യാപക പ്രചാരണം നൽകിയിട്ടുണ്ട്. "ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം" പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയ്ക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായുള്ള ജില്ലാതല ഉന്നതാധികാര സമിതി നിലവിലുണ്ട്.

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന ധനസഹായം

304 (677) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഏത് പട്ടികവർഗ്ഗ കുടുംബങ്ങളാണ് വൈക്കം നിയോജക മണ്ഡല പരിധിയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly